**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 661** **10-02-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്,<br>ശ്രീ. യു. എ. ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നതിനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കാനുള്ള അധികാരം, വൈദ്യുതി നിയമം 2003-ലെ 45, 62, 64, 86 എന്നീ വകുപ്പുകൾ പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ പ്രത്യേക അവകാശമായി നിക്ഷിപ്തമാണ് . കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച താരിഫ് നിർണ്ണയ ചട്ടങ്ങൾ, 2021 -ലെ ചട്ടം 85(5) പ്രകാരം കണക്കാക്കുന്ന വൈദ്യുതിയുടെ ശരാശരി വിലയുടെ (Average Cost of Supply) അടിസ്ഥാനത്തിലാണ് വിവിധ വിഭാഗം ഉപഭോക്താക്കളുടെ താരിഫ് നിർണ്ണയിക്കുന്നത് . സഞ്ചിത കമ്മി , വൈദ്യുതി വാങ്ങൽ വിലയിൽ ഉണ്ടായ വർദ്ധനവ് എന്നിവ മൂലം വൈദ്യുതി നിരക്ക് വർദ്ധനവ് അനിവാര്യമായി തീർന്നു.<br><br>റെഗുലേറ്ററി കമ്മീഷൻ നിലവിൽ വരുന്നതിന് മുമ്പ് സംസ്ഥാനത്ത് അവസാനമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷ കാലയളവിനു ശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട് . 2012- ൽ 24%, 2013- ൽ 9.1%, 2014- ൽ 6.7%, 2017- ൽ 4.77%, 2019-ൽ 7.32%. 2022-ൽ 6.58%, 2023-ൽ 3.20% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നും തന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 28.06.2024-ലെ ട്രൂ അപ്പ് ഉത്തരവ് പ്രകാരം (2022-23) 01.04.2023 വരെയുള്ള സഞ്ചിത റവന്യൂ കമ്മി 6408.37 കോടി |

| | | | |
|---|---|---|---|
| | | | രൂപയും, 2023-24 -ലെ ട്രൂ അപ്പ് പെറ്റീഷൻ പ്രകാരമുള്ള റവന്യൂ കമ്മിയായ 1323.95 കോടിരൂപയും കൂടിച്ചേരുമ്പോൾ 31.03.2024-ലെ സഞ്ചിത കമ്മി 7732.32 കോടി രൂപയാകും.<br><br>2016-ലെ ദേശീയ വൈദ്യുതിനയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയ പക്ഷം ഏഴ് വർഷം കൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്. ഈ മുൻകാല കമ്മി കുറഞ്ഞൊരളവിലെങ്കിലും വർഷാവർഷം നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനെ തന്നെ അത് ദോഷകരമായി ബാധിക്കും.<br><br>കൂടാതെ നിലവിലെ 5 വർഷ കൺട്രോൾ പീരീയഡ് കാലയളവിൽ (2022 – 2027) വിവിധ കാരണങ്ങളാൽ പ്രവർത്തന പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട മൂലധന നിക്ഷേപ പ്രവർത്തികൾക്കുള്ള ചെലവുകൾ ഇവ വർദ്ധിച്ചുവരുന്നു. അതിനാൽ അവശ്യം വേണ്ട ചിലവുകൾ നിറവേറ്റി, സ്ഥാപനത്തിന്റെ സുസ്ഥിരമായ നിലനിൽപ്പ് ഉറപ്പു വരുത്തുവാൻ വേണ്ടിയാണ് താരിഫ് പരിഷ്കരണം നിർദ്ദേശിക്കാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് നിർബന്ധിതമായത് .<br><br>ഈ വസ്തുതകൾ എല്ലാം കണക്കിലെടുത്താണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ താരിഫ് പരിഷ്കരണത്തിന് അനുമതി നൽകിയത്. 2024-25, 2025-26 എന്നീ വർഷങ്ങളിലേയ്ക്ക് യഥാക്രമം 2.39%, 1.75% എന്നീ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. |
| (ബി) | വൈദ്യുതി ഉല്പാപാദന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കിടയിൽ നേരിട്ട ഭൗമ ശാസ്ത്രപരമായ വെല്ലുവിളികൾ, ഇതിനനുബന്ധമായി പ്രോജക്റ്റ് ഡിസൈനിൽ ഉണ്ടായ മാറ്റങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പദ്ധതിക്ക് ആവശ്യമായ അനുമതികൾ ലഭ്യമാകുന്നതിലുള്ള കാലതാമസം, ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് ഉണ്ടായ കാലതാമസം, ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം പോലുള്ള സംസ്ഥാന വ്യാപകമായി ഉണ്ടായ പ്രകൃതി ദുരന്തങ്ങൾ, നിപ്പ, കോവിഡ് 19 തുടങ്ങിയ മഹാമാരികൾ മൂലമുണ്ടായ ലോക്ക് ഡൗണുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ, ക്വാറി പ്രവർത്തനങ്ങൾക്ക് ഉണ്ടായ നിരോധനം, ചില പദ്ധതികൾക്ക് നിശ്ചിത പുരോഗതി |

| | | | |
|---|---|---|---|
| | | | കൈവരിക്കാത്തതു മൂലം കരാർ റദ്ദാക്കേണ്ടി വന്ന അവസ്ഥ, എന്നിവയാണ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ . |
| (സി) | നടപ്പുവർഷവും വരും വർഷങ്ങളിലും വൈദ്യുതി താരിഫ് വർദ്ധിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രത്തോളം വർദ്ധിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 05.12.2024-ലെ ഉത്തരവ് പ്രകാരം നടപ്പു വർഷവും (2024-25) അടുത്ത സാമ്പത്തിക വർഷവും (2025-26) വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. 2024-25-ൽ 16 പൈസയുടേയും 2025-26 ൽ 12 പൈസയുടേയും പ്രതി യൂണിറ്റ് വർദ്ധനവാണ് ഉത്തരവായിരിക്കുന്നത്. എന്നാൽ 2026-27 വർഷത്തേയ്ക്ക് താരിഫ് വർദ്ധനവ് ഒഴിവാക്കിയിരിക്കുന്നു. ടി പരിഷ്കരണം വഴി ഏകദേശം 145 കോടി രൂപ 2024-25 ലും 357.28 കോടി രൂപ 2025-26 വർഷത്തിലും അധിക വരുമാനം പ്രതീക്ഷിക്കുന്നു. |
| (ഡി) | വൈദ്യുതി ബോർഡിന്റെ കെടുകാര്യസ്ഥത മൂലം ഉണ്ടാകുന്നതായി പറയപ്പെടുന്ന ഇത്തരം ബാധ്യതകൾ സാധാരണ ഉപഭോക്താക്കളെ ബാധിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | വൈദ്യുതി നിയമം- 2003 ലെ വ്യവസ്ഥകൾ, റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾ, ഉത്തരവുകൾ നിർദ്ദേശങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള നയങ്ങൾ നിർദ്ദേശങ്ങൾ ഇവയ്ക്ക് വിധേയമായാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്. രാജ്യത്തെ വിവിധ ഏജൻസികൾ നടത്തുന്ന പ്രവർത്തന കാര്യക്ഷമതാ റേറ്റിംങ്ങിൽ മെച്ചപ്പെട്ട സ്ഥാനം കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് നേടിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം വൈദ്യുതി നിയമം 2003 ലെ 45,62,64,86 എന്നീ വകുപ്പുകൾ പ്രകാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇപ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് 05.12.2024 - ൽ പുറത്തിറക്കിയ താരിഫ് ഉത്തരവു പ്രകാരമാണ് ഉപഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്.<br>കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, എല്ലാ വസ്തുതകളും കണക്കിലെടുത്ത്, ഉപഭോക്താക്കൾക്ക് അധികഭാരം ഉണ്ടാക്കാത്തതും, എന്നാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് സാമ്പത്തിക സുസ്ഥിരതയോടുകൂടി നിലനിൽക്കുന്നതിന് ആവശ്യവുമായ ഒരു താരിഫ് പരിഷ്കരണം ആണ് അനുവദിച്ചു തന്നിട്ടുള്ളത്. 01.11 2023 മുതൽ 30.11.2024 വരെയുള്ള കാലയളവിൽ നാണയപെരുപ്പം 5.41% ആണെന്നിരിക്കെ, |

| | | | |
|---|---|---|---|
| | | | വൈദ്യുതി ചാർജ്ജിൽ 2024-25-ൽ 2.39% വർദ്ധനവും, 2025- 26-ൽ 1.75 % വർദ്ധനവും മാത്രമാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിരിക്കുന്നത്. 2026-27-ലാകട്ടെ വർദ്ധനവ് ഒന്നും തന്നെ വരുത്തിയിട്ടില്ല.<br><br>ഗാർഹിക ഉപഭോക്താക്കൾക്കും വ്യാവസായിക ഉപഭോക്താക്കൾക്കും നാമമാത്രമായ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ആകെയുള്ള ഗാർഹിക ഉപഭോക്താക്കളിൽ 25% പേരും പ്രതിമാസം 50 യൂണിറ്റിന് താഴെ ഉപഭോഗം ഉള്ളവരാണ്. (ഏകദേശം 26 ലക്ഷം) ഇവരുടെ വൈദ്യുതി ചാർജ്ജിലുള്ള പ്രതിമാസ വർദ്ധനവ് കേവലം 7 രൂപ മാത്രമാണ്. അതായത് പ്രതിദിന വർദ്ധനവ് 25 പൈസയിൽ താഴെ മാത്രമാണ്. അതുപോലെ തന്നെ പ്രതിമാസ ഉപഭോഗം 250 യൂണിറ്റിൽ കൂടുതലുള്ള ഗാർഹിക ഉപഭോക്താക്കൾക്കും, 20 കിലോ വാട്ടിനു മുകളിൽ കണക്റ്റഡ് ലോഡുള്ള വ്യാവസായിക ഉപഭോക്താക്കൾക്കും പകൽസമയത്തെ വൈദ്യുതി ചാർജ്ജിൽ 10% കുറവ് വരുത്തിയിട്ടുണ്ട്. കൂടാതെ അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, അംഗനവാടികൾ എന്നിവയുടെ നിരക്കിൽ വർദ്ധനവ് ഒന്നും തന്നെ വരുത്തിയിട്ടില്ല. മുകളിൽ സൂചിപ്പിച്ച നാമമാത്രമായ വർദ്ധനവിന്റെ അധികഭാരം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഗാർഹിക കാർഷിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് നൽകി വരുന്ന സബ്സിഡി ആനുകൂല്യങ്ങൾ അതേപടി തുടർന്നു വരുന്നുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കാത്തതും എന്നാൽ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ സുസ്ഥിരമായ നിലനിൽപ്പിന് ആവശ്യവുമായ മിനിമം താരിഫ് പരിഷ്കരണം ആണ് റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ